# പിതാവ്

പുനരാഖ്യാനം: •പട്ടണക്കാട് അബ്ദുൽഖാദർ

മുഹമ്മദ് നബിയുടെ സഹധർമ്മിണിയാണ് മൈമൂന. ഖുറൈശി പ്രമാണി അബൂസുഫ്‌യാന്റെ പുത്രി.

മൈമൂന, പിതാവിന്റെ എതിർപ്പുകളെ വകവെക്കാതെ പ്രവാചകന്റെ ആദർശത്തിൽ ആകൃഷ്ടയായി അദ്ദേഹത്തെ അനുഗമിക്കുകയായിരുന്നു.

ഒരു ദിവസം അബൂസുഫ്‌യാൻ മൈമൂനയെ കാണാൻ മദീനയിലെത്തി.

ദൂരെ നിന്ന് പിതാവ് വരുന്നത് മകൾ കണ്ടു. ഭർത്താവിന്റെ ശത്രുവാണ് വരുന്നത്. പലപ്പോഴും നബിയെ ദ്രോഹിക്കാൻ നേതൃത്വം നൽകിയിട്ടുണ്ട്. മൈമൂന വാതിലടച്ച് കുറ്റിയിട്ടു. ജനലുകളും അടച്ചു കളഞ്ഞു.

''മോളേ, മൈമൂനാ...''

അബൂ സുഫ്‌യാൻ വാതിലിൽ മുട്ടി വിളിച്ചു. മുഹമ്മദിന്റെ ഭാര്യയാണെ



▸▸ ലോകത്തിലാദ്യം മൃഗാശുപത്രികൾ സ്ഥാപിച്ച രാജ്യം – ഇന്ത്യ

ങ്കിലും തന്റെ മകളാണല്ലോ.. മകളെ ഒരു നോക്കുകാണാൻ യാത്ര ചെയ്ത് ക്ഷീണിച്ചു വരുന്ന അബൂസുഫ്യാൻ ആകാംക്ഷയോടെ കാത്തു നിന്നു.

മൈമൂന വാതിൽ തുറന്നില്ല.

പ്രവാചകൻ ഇരിക്കുന്ന വിരിപ്പ് മാറ്റി വെക്കുന്ന തിരക്കിലായിരുന്നു മൈമൂന. പിതാവാണെങ്കിലും ഭർത്താവിന്റെ ശത്രു ആ വിരിപ്പിൽ ഇരിക്കുവാൻ പാടില്ല.

വാതിലിൽ തുടരത്തുടരെ മുട്ടു കേട്ടപ്പോൾ മൈമൂന വാതിൽ തുറന്നു.

അബൂസുഫ്യാൻ സന്തോഷത്തോടെ അകത്തു കയറി. മകൾക്കായി കൊണ്ടുവന്ന കാരക്കയുടെയും ബാർലിയുടെയും പൊതികൾ മുന്നിൽ വെച്ചു.

മൈമൂന അത് ശ്രദ്ധിച്ചതേയില്ല.

പിതാവിനോട് സുഖവിവരം അന്വേഷിച്ചില്ല. പിതാവ് ചോദിച്ചതിനൊക്കെ മൂക്കിയും മൂളിയും മറുപടി പറഞ്ഞു.

മകൾക്ക് പഴയ വൈരാഗ്യം തീർന്നിട്ടില്ലെന്ന് പിതാവിന് തോന്നി. അദ്ദേഹം വൈകാതെ യാത്ര പറഞ്ഞ് പുറത്തിറങ്ങി.

പുറത്തു പോയിരുന്ന പ്രവാചകൻ മടങ്ങി വരുമ്പോൾ അബൂസുഫ്യാനെ കണ്ടുമുട്ടി.

പ്രവാചകന് ആഹ്ലാദമായി. ശത്രുവാണെങ്കിലും ഭാര്യയുടെ പിതാവാണല്ലോ. പ്രവാചകൻ കുശലം ചോദിച്ചു. ''എന്താണ് വീട്ടിൽ നിന്ന് ഇത്ര വേഗം മടങ്ങിയത്; മൈമൂനയെ കണ്ടില്ലേ?'' പ്രവാചകൻ അന്വേഷിച്ചു.

''കണ്ടു, കണ്ടു, എനിക്ക് മടങ്ങാൻ ധൃതിയുണ്ട്.''

അബൂസുഫ്യാന്റെ വിഷമത്തോടെയുള്ള മറുപടി.

''ഇത്ര ദൂരം വന്നതല്ലേ, ഭക്ഷണമൊക്കെ കഴിഞ്ഞ് വിശ്രമിച്ചിട്ട് പോയാൽ മതി.''

പ്രവാചകൻ നിർബന്ധിച്ചു.

മരുമകന്റെ പെരുമാറ്റത്തിൽ അബൂസുഫ്യാന് മറുത്തൊന്നും പറയാനായില്ല.

പ്രവാചകൻ അബൂസുഫ്യാനുമായി വീട്ടിലെത്തി. അബൂസുഫ്യാൻ കൊണ്ടുവന്ന സമ്മാനപ്പൊതികൾ ഉമ്മറത്തു തന്നെയിരിപ്പുണ്ട്.

''മൈമൂനാ, വിരിപ്പെവിടെ?''

വിരിപ്പ് കാണാത്തതുകൊണ്ട് പ്രവാചകൻ ചോദിച്ചു.

മൈമൂന വിരിപ്പുമായെത്തി.

പ്രവാചകൻ അബൂസുഫ്യാനെ വിരിപ്പിലിരുത്തി.

അവർ നാട്ടുവർത്തമാനങ്ങൾ പങ്കുവെച്ചു.

ഭക്ഷണവും വിശ്രമവും കഴിഞ്ഞ് അബൂസുഫ്യാൻ വന്നതിനെക്കാൾ ഇരട്ടി സന്തോഷത്തോടെ മടങ്ങി.

എന്നാൽ പ്രവാചകന് സന്തോഷമില്ലാതായി. ''മൈമൂനാ, നീ കാണിച്ചത് ഒട്ടും ശരിയായില്ല.'' പ്രവാചകൻ കുറ്റപ്പെടുത്തി.

മൈമൂന പ്രവാചകനെ ഉറ്റുനോക്കി.

''പിതാവ് കൊണ്ടുവന്ന സമ്മാനങ്ങൾ സ്വീകരിച്ചില്ല. ഞാൻ വരുന്നതിനു മുമ്പ് അദ്ദേഹം മടങ്ങിപ്പോകുവാൻ നോക്കി. വിരിപ്പിന്റെ സ്ഥാനം തെറ്റി. എന്താണിതൊക്കെ?''

പ്രവാചകൻ ചോദിച്ചു.

''ശത്രുവിന്റെ സമ്മാനങ്ങൾ സ്വീകരിക്കാമോ?'' മൈമൂന ചോദിച്ചു.

''അദ്ദേഹം ശത്രുവായിട്ടല്ല വന്നത്; മകളുടെ സുഖ വിവരം അന്വേഷിക്കുന്ന പിതാവായിട്ടാണ്. മക്കൾ സ്വന്തം മാതാപിതാക്കളെ ഏതവസ്ഥയിലും ബഹുമാനിക്കണം. സന്തോഷിപ്പിക്കണം. ആവതില്ലാത്തപ്പോൾ പരിചരിക്കണം. മതമോ വിശ്വാസമോ ഒന്നും അതിന് വിലങ്ങ് തടിയാകരുത്'' -പ്രവാചകൻ ഉപദേശിച്ചു.

പിതാവിനോട് വേണ്ട രീതിയിൽ പെരുമാറുവാൻ സാധിക്കാതെ വന്നതിൽ മൈമൂനക്ക് വല്ലാത്ത സങ്കടമായി. കണ്ണുകൾ നിറഞ്ഞു തുളുമ്പി.

അതുകണ്ട് പ്രവാചകൻ പുഞ്ചിരിച്ചു.



▸▸ ലോകത്ത് ഏറ്റവും കൂടുതൽ പൂച്ചകളുള്ള രാജ്യം – അമേരിക്ക